# കേരള സർവകലാശാല

നം.പി.ആർ.109/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ബിരുദ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

2020 ജൂൺ 23 മുതൽ ആരംഭിക്കുന്ന ഒന്നാം വർഷ ബി.കോം, ബി.എ ബിരുദ (ആന്വൽ സ്കീം) പാർട്ട് മൂന്ന് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമുണ്ട്. വിദ്യാർത്ഥികൾ അപേക്ഷിച്ച പരീക്ഷാകേന്ദ്രങ്ങൾക്ക് പകരമായി അനുവദിച്ച കേന്ദ്രങ്ങൾ സർവകലാശാലയുടെ വെബ്സൈറ്റിലെ https://www.keralauniversity.ac.in/press-release പത്രക്കുറിപ്പിൽ നിന്നും മനസ്സിലാക്കേണ്ടതാണ്.

### പ്രാക്ടിക്കൽ

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ (വയലിൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 29 മുതൽ ജൂലൈ 3 വരെ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ എന്ന കോഴ്സിന്റെ പ്രാക്ടിക്കൽ ജൂൺ 29 ന് അതതു പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 29 ന് അതതു പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2019 സ്കീം – റെഗുലർ, 2015 സ്കീം – സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷ 2020 ജൂൺ 29 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂണിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി/ബി.എച്ച്.എം) (2018 സ്കീം – റെഗുലർ, 2014 സ്കീം – ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2012 & 2013 അഡ്മിഷൻ – സപ്ലിമെന്ററി, 2006 സ്കീം – മേഴ്സി ചാൻസ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവാ വോസി

നാലാം സെമസ്റ്റർ എം.എസ്റ്റ് (2018–2020 അഡ്മിഷൻ) വൈവാ വോസി ജൂലൈ 9 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രോഗ്രാമിന്റെ വൈവ വോസി ജൂൺ 29, 30 തീയതികളിൽ അതതു പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സൂക്ഷ്മപരിശോധന

2020 മേയ് 15 ൽ പ്രസിദ്ധീകരിച്ച ഒന്നാം സെമസ്റ്റർ എം.എസ്റ്റ് (2018 സ്കീം റെഗുലർ ആന്റ് സപ്ലിമെന്ററി, 2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ, നവംബർ 2019 ന്റെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 10 വരെ അപേക്ഷിക്കാം.

## എൽ.എൽ.ബി പരീക്ഷാസമയം പുനഃക്രമീകരിച്ചു

2020 ജൂൺ 22 മുതൽ ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സരം ബി.എ. എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകളുടേയും 2020 ജൂൺ 23 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി പരീക്ഷകളുടേയും സമയക്രമം ഉച്ചയ്ക്ക്ശേഷം 01.30 മുതൽ 04.30 വരെയും വെള്ളിയാഴ്ച ഉച്ചയ്ക്ക് 02.00 മണി മുതൽ 05.00 മണി വരെയും പുനഃക്രമീകരിച്ചിരിക്കുന്നു.

## പരീക്ഷാകേന്ദ്രം

ജൂൺ 22 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം), ജൂൺ 23 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷകൾക്ക് പരീക്ഷാകേന്ദ്രം മാറ്റി ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് പ്രിൻസിപ്പൽ മുഖേന ഇ-മെയിലിൽ ലഭ്യമാവുന്നതാണ്. ഗവ.കോളേജ്, നാട്ടകം, കോട്ടയം, ഗവ.കോളേജ്, കട്ടപ്പന, ഇടുക്കി, ഗവ.ബി. എഡ് ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ, വി.കെ.കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവ.വിമൻസ് കോളേജ്, കണ്ണൂർ, ഗവ.ആർട്സ് കോളേജ്, മീൻചന്ത, കോഴിക്കോട്, എം.എസ്.എം കോളേജ്, കായംകുളം എന്നിവയാണ് ലോ കോളേജുകൾ ഒഴികെയുള്ള മറ്റു പരീക്ഷാകേന്ദ്രങ്ങൾ.

2020 ജൂൺ 23 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.കോം ആന്വൽ പരീക്ഷകൾക്ക് ആൾ.സെയിന്റ്സ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികൾ എൻ.എസ്.എസ് കോളേജ്, നീറമൺകര, തിരുവനന്തപുരത്ത് പരീക്ഷ എഴുതേണ്ടതാണ്. കെ. എൻ.എം.ഗവ.കോളേജ് അപേക്ഷിച്ചവർ കെ.എൻ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്ത് പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾക്ക് 9947027361 എന്ന നമ്പറിൽ ബന്ധപ്പെടുക.

2020 ജൂൺ 22 മുതൽ നടത്തുന്ന ബി.എ ബിരുദ (ആന്വൽ സ്കീം) പാർട്ട് മൂന്ന് – സബ്സിഡിയറി വിഷയങ്ങൾക്ക് മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചെമ്പഴന്തിയിലും യൂണിവേഴ്സിറ്റി കോളേജ്, തിരു

വനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എ.ജെ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, തോന്നയ്ക്കലും ഇക്ബാൽ കോളേജ്, പെരിങ്ങമ്മല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എൻ.എസ്.എസ് കോളേജ്,നീറമൺകരയിലും ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.എൻ.എം. ആർട്സ് ആന്റ് സയൻസ് കോളേജ്, (സെൽഫ് ഫിനാൻസിംഗ്) കാഞ്ഞിരംകുളത്തും ഗവ.കോ ളേജ്, നെടുമങ്ങാട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ ഗവ.കോളേജ്, ആറ്റിങ്ങലും, പെൺകുട്ടികൾ എൻ.എസ്.എസ് കോളേജ്, നീറമൺകരയിലും എഫ്.എം.എൻ കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, കൊല്ലത്തും ഡി.ബി കോളേജ്, ശാസ്താംകോട്ട പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ടി.കെ.എം. കോളേജ്, കൊല്ലത്തും എസ്.എൻ കോളേജ് ഫോർ വിമൻ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ. കോളേജ്, കൊല്ലത്തും ബി.ജെ.എം.ഗവ.കോളേജ്, ചവറ പരീക്ഷാകേ ന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കൊല്ലത്തും സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചേർത്തലയിലും ടി.കെ.എം.കോളേജ്, നങ്ങ്യാർകുളങ്ങര പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചേർത്തലയിലും എസ്.ഡി കോളേജ്, ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി, ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ മാത്രം മാർ ഗ്രിഗോറിയസ് കോളേജ് ആർട്സ് ആന്റ് സയൻസ്, പുന്നപ്ര, ആലപ്പുഴയിലും മറ്റു മെയിനുകളിലെ എല്ലാ വിദ്യാർത്ഥികളും (ഓഫ്ലൈൻ ആന്റ് ഓൺലൈൻ) എസ്.എൻ കോളേജ്, ചേർത്തലയിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റുള്ള വിദ്യാർത്ഥികൾ അവർ അപേക്ഷിച്ച പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂൺ 30 വരെ അപേ ക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ് – തീയതി നീട്ടി

സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ പഠന വകുപ്പുകളിൽ (സി.എസ്.എസ്) 2020 ജൂലൈ 1 ന് ആരംഭിക്കുന്ന പി.ജി നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് പിഴകൂടാതെ ഓൺലൈനായി ജൂൺ 23 വരെയും പിഴയോടെ ജൂൺ 26 വരെയും ഫീസടയ്ക്കാം

## ബി.എഡ് ഓൺലൈൻ പരീക്ഷ

2020 ജൂൺ 23,24 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് ഓൺലൈൻ പരീക്ഷകൾ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സർവകലാശാല പരിധിക്ക് പുറ ത്തുള്ള ജില്ലകളിലെ തക്കതായ കാരണങ്ങൾ കൊണ്ട് എഴുതാൻ കഴിയാതെ വരുന്ന വിദ്യാർത്ഥി കൾക്ക് അവരുടെ സൗകര്യാർത്ഥം സർവകലാശാല പരിധിക്ക് പുറത്ത് മറ്റു ജില്ലകളിൽ പരീക്ഷ കേന്ദ്രങ്ങൾ സജ്ജീകരിച്ച് പരീക്ഷ നടത്തുന്നതായിരിക്കും.ജൂലൈ മാസത്തിൽ നടത്തുന്ന പരീ ക്ഷയെ സംബന്ധിച്ച വിശദാംശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പിന്നീട് ലഭ്യമാകുന്നതാ ണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
19.06.2020

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**